(സി) ഒല്ലൂക്കര, വെള്ളാങ്കല്ലൂർ, ചാലക്കുടി, മാള, പുഴയ്ക്കൽ എന്നീ ബ്ലോക്കുകളിൽ.

(ഡി) ചേർപ്പ് ബ്ലോക്കിന്റെ പാക്കേജ് തയ്യാറാക്കുന്നതിന്റെ പ്രാരംഭ നടപടികൾ മാത്രമേ ആരംഭിച്ചിട്ടുള്ളു. മുൻഗണനാക്രമപ്രകാരം അന്തിക്കാട് ബ്ലോക്കിന്റെ കാര്യം പിന്നീടേ പരിഗണനയ്ക്ക് വരികയുള്ളു. റോഡുകൾ ഏതൊക്കെ ഉൾപ്പെടുത്തണമെന്ന് തീരുമാനം ആയിട്ടില്ല.

സ്വയം സഹായ സംഘങ്ങളിലൂടെ തൊഴിൽ

104 [2607] **ശ്രീമതി മേഴ്സി രവി :**
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്ന് നൂറ് ദിവസത്തിനുള്ളിൽ സ്വയം സഹായ സംഘങ്ങൾ വഴി എത്ര പേരെ തൊഴിൽ പദ്ധതികളിൽ ചേർക്കാനാണ് പരിപാടിയിട്ടത് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ കാലയളവിൽ എത്ര സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കപ്പെട്ടു; അതിൽ ആകെ എത്ര അംഗങ്ങളുണ്ട്;

(സി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര പേർക്ക് സ്വയംസഹായ സംഘങ്ങൾ വഴി തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 12,000 ആളുകളെ സ്വയംസഹായ സംഘങ്ങൾ വഴിയുള്ള സ്വയം തൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

(ബി) ഈ കാലയളവിൽ പുതുതായി 1770 സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ 18,585 അംഗങ്ങൾ ഉണ്ട്.

(സി) ഈ മന്ത്രിസഭ അധികാരത്തിൽ വന്ന ശേഷം ഇതുവരെ 11,136 പേർക്ക് എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം സ്വയംസഹായ സംഘങ്ങൾ മുഖേന സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ കഴിഞ്ഞിട്ടുണ്ട്.

എസ്.ജി.ആർ.വൈ. പ്രകാരമുള്ള കണ്ണൂർ ജില്ലയിലെ പദ്ധതികൾ

105 [2608] **ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ ഏറ്റെടുത്തു പൂർത്തീകരിച്ച പദ്ധതികളെ സംബന്ധിച്ചും, ഓരോ പ്രവർത്തിക്കും ചെലവഴിച്ച തുകയെ സംബന്ധിച്ചും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയിൽപ്പെട്ടതും പൂർത്തീകരിക്കപ്പെടാതെ വിവിധ ഘട്ടങ്ങളിൽ നില്ക്കുന്നതുമായ കണ്ണൂർ ജില്ലയിലെ പ്രവർത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ അനുമതി കിട്ടിയിട്ടും പ്രവർത്തി ആരംഭിക്കാത്ത കണ്ണൂർ ജില്ലയിലെ പദ്ധതികൾ ഏതെല്ലാമാണെന്നും പ്രവർത്തി ആരംഭിക്കുവാൻ കൈക്കൊണ്ട നടപടികളെന്താണെന്നും വ്യക്തമാക്കുമോ;

(ഡി) സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള കണ്ണൂർ ജില്ലയിലെ പദ്ധതികൾ ഏതെല്ലാമാണെന്നും, അനുമതി ലഭ്യമാക്കുവാൻ കൈക്കൊണ്ട നടപടികൾ എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമവികസന വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ

106 [2609] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പിന്റെ വിവിധ സ്കീമുകൾ മുഖേന സംസ്ഥാനത്ത് എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള വിവിധ സ്കീമുകൾ മുഖേന നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും, അവയ്ക്കായി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

ഇന്ദിര ആവാസ് യോജനാ പ്രകാരം ഭവന നിർമ്മാണ ധനസഹായം

107 [2610] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പ്രകാരം 2004-05 വർഷത്തിൽ സംസ്ഥാനത്താകെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയെന്നും, എത്ര കുടുംബങ്ങൾക്ക് വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണത്തിന് ധനസഹായം ലഭ്യമാക്കിയെന്നും, ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly